No.CEE/4900/2015/KEAM-2016/TA1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

## കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനപ്പരീക്ഷ-2016 അപേക്ഷാർത്ഥികളുടെ ശ്രദ്ധയ്ക്ക്

2016- കേരള എഞ്ചിനീയറിംഗ് /മെഡിക്കൽ പ്രവേശനപ്പരീക്ഷകൾ 2016 ഏപ്രിൽ 25 മുതൽ 28 വരെ തീയതികളിലായി കേരളത്തിലെ 14 ജില്ലാ കേന്ദ്രങ്ങളിലും ഡൽഹി, മുംബൈ, ദുബായ് എന്നിവിടങ്ങളിലുമായി നടക്കുന്നതാണ്. 2016–17 അധ്യയനവർഷത്തെ കേരളത്തിലെ എഞ്ചിനീയറിംഗ് പ്രവേശനം, എഞ്ചിനീയറിംഗ് പ്രവേശനപ്പരീക്ഷയിലെ സ്കോറിനും യോഗ്യതാപരീക്ഷയിൽ കണക്ക്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയ ങ്ങളിൽ ലഭിച്ച മാർക്കിനും തുല്യപ്രാധാന്യം നൽകിക്കൊണ്ട് തയ്യാറാക്കുന്ന എഞ്ചിനീയറിംഗ് റാങ്ക്ലിസ്റ്റിന്റെ അടിസ്ഥാനത്തിലും, എം.ബി.ബി.എസ്, ബി.ഡി.എസ്. ഉൾപ്പെടെ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം മെഡിക്കൽ പ്രവേശനപരീക്ഷയിലെ റാങ്കിന്റെ അടിസ്ഥാനത്തിലുമായിരിക്കും. ആയതിനാൽ എഞ്ചിനീയറിംഗ്/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ അപേക്ഷകരും അതത് പ്രവേശനപരീക്ഷകൾ എഴുതിയിരിക്കേണ്ടതാണ്. പരീക്ഷാദിവസങ്ങളിൽ വിദ്യാർത്ഥികൾ രാവിലെ 9.30–ന് മുൻപ് തന്നെ പരീക്ഷാകേന്ദ്രങ്ങളിൽ എത്തേണ്ടതാണ്. പ്രവേശനാപരീക്ഷാ കമ്മീഷണർ നൽകിയിട്ടുള്ള അഡ്മിറ്റ്കാർഡിന്റെ കളർ പ്രിന്റൗട്ട് ഹാജരാക്കുന്നത് വിദ്യാർത്ഥികളെ തിരിച്ചറിയുന്നതിന് സഹായകരമാകും. അഡ്മിറ്റ് കാർഡ് ഇല്ലാത്ത വിദ്യാർത്ഥികളെ ഒരു കാരണവശാലും പരീക്ഷാഹാളിൽ പ്രവേശിപ്പിക്കുന്നതല്ല. പരീക്ഷാഹാളിൽ വിദ്യാർത്ഥികളും ഇൻവിജിലേറ്റർമാരും മൊബൈൽഫോൺ ഉപയോഗി ക്കുന്നത് കർശനമായി നിരോധിച്ചിട്ടുണ്ട്. നീല, കറുപ്പ്, മഷിയുള്ള ബോൾപോയിന്റ് പേന ഒഴികെ മറ്റ് വസ്തുക്കൾ വിദ്യാർതഥികൾ പരീക്ഷാഹാളിൽ കൊണ്ടുപോകുന്നത് പരീക്ഷാ ക്രമക്കേടായി കണക്കാക്കുന്നതാണ്.

**തിരുവനന്തപുരം.**
22–04–2016

**പ്രവേശന പരീക്ഷാ കമ്മീഷണർ**